(ഡി) പ്രസ്തുത തീയതിയിൽ അവസാനിക്കുന്ന ഓരോ ധനകാര്യ വർഷത്തിലും പി.ഡി. അക്കൗണ്ടിൽ നിന്ന് എന്തു തുക വീതം ഗവൺമെന്റ് ആവശ്യത്തിന് വിനിയോഗിച്ചു;

ഉത്തരം

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വരുമ്പോൾ പി.ഡി. അക്കൗണ്ടിൽ 4,77,73,06,220/- രൂപ നിക്ഷേപമുണ്ടായിരുന്നു.

(ബി) 1996-97 ൽ 611,51,96,755/ രൂപയും
1997-98 ൽ 1108,78,60,039/ രൂപയും
1998-99 ൽ 1903,38,08,111/- രൂപയും
1999-2000 ൽ 1767,47,14,338/- രൂപയും വീതം പി.ഡി. അക്കൗണ്ടിൽ നിക്ഷേപിക്കപ്പെട്ടു.

(സി) 1996-97 ൽ 444,13,08,312/- രൂപയും
1997-98 ൽ 872,35,94,407/- രൂപയും
1998-99 ൽ 1297,47,77,123/- രൂപയും
1999-2000 ൽ 1239,83,66,234/- രൂപയും വീതം മാർച്ച് മാസം 31 ന് പി.ഡി അക്കൗണ്ടിൽ മിച്ചമുണ്ടായിരുന്നു.

(ഡി) പി.ഡി. അക്കൗണ്ടിലെ തുക സർക്കാർ ആവശ്യത്തിന് ചെല വഴിക്കാനുള്ളല്ല.

എ.ഡി.ബിയിൽ നിന്നും ധനസഹായം

4 (958)ശ്രീ. പി. രാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:

(എ) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്നും സംസ്ഥാനത്തിന് ധനസഹായം ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്രകോടി; എ.ഡി.ബി. വായ്പ നടപടികൾ എവിടെവരെയായി; ഇതിൽ സൗജന്യം എത്ര ശതമാനം ആണ്; ഇതു സംബന്ധിച്ച് കരാർ ഒപ്പിട്ടിട്ടുണ്ടോ;

(ബി) ഏഷ്യൻ ഡെവലപ്മെന്റ് ബാങ്കിൽനിന്നും ലഭിക്കുന്ന ധന സഹായം ഉപയോഗിച്ച് എന്തൊക്കെ പ്രവൃത്തികൾ ഏതൊക്കെ മേഖലക ളിൽ നടത്തുവാനാണ് ഉദ്ദേശിക്കുന്നത്;

(സി) എ.ഡി.ബി. വായ്പ ലഭിക്കുമ്പോൾ എറണാകുളം മുതൽ വല്ലാർപാടം- മുണ്ടുകാട്, മൂലംപള്ളി, കടുവക്കുടി, ചാത്തനാട് വഴി പറ വൂർ- ഗുരുവായൂർ തീരദേശ റോഡ് നിർമ്മാണം ഏറ്റെടുക്കുവാൻ നടപടി സ്വീകരിക്കുമോ;

(ഡി) എ.ഡി.ബി. വായ്പ ലഭിക്കുമ്പോൾ അതിൽനിന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്ക് വിഹിതം നൽകുമോ; ഗ്രാമീണ മേഖലയുടെ വികസനത്തിന് തുക മാറ്റിവയ്ക്കുമോ;

ഉത്തരം

(എ) ഏഷ്യൻ ഡവലപ്മെന്റ് ബാങ്ക് പ്രതിനിധികളുമായി നാലു വട്ടം ചർച്ച നടത്തിയെങ്കിലും അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല. ഇതു സംബന്ധിച്ച് കരാറുകൾ ഒന്നും ഒപ്പിട്ടിട്ടില്ല.

(ബി) അന്തിമ തീരുമാനം ആയിട്ടില്ല.

LIBRARY ARCHIVES Kerala Legislative Assembly

(സി) ഏതെല്ലാം പദ്ധതികൾക്ക് വേണ്ടിയാണ് വായ്പ വിനിയോഗിക്കേണ്ടതെന്ന് ഇക്കാര്യത്തിൽ അന്തിമതീരുമാനം എടുത്തതിനുശേഷമേ തീരുമാനിക്കുകയുള്ളൂ.

(ഡി) ഇക്കാര്യത്തിൽ അന്തിമ തീരുമാനമായിട്ടില്ല.

സാമ്പത്തിക പ്രതിസന്ധി പരിഹരിക്കുന്നതിന് നടപടി

5 (959)ശ്രീ. കെ.സി. വേണുഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധി നിലനിൽക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ ഇത് പരിഹരിക്കുന്നതിനായി ആവശ്യമുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വെളിപ്പെടുത്തുമോ;

(സി) കഴിഞ്ഞ നാലുവർഷക്കാലമായി സംസ്ഥാനത്തിന്റെ സാമ്പത്തിക വളർച്ചാ നിരക്ക് എത്രയാണെന്ന് വ്യക്തമാക്കാമോ;

(ഡി) ഇത് ദേശീയ വളർച്ച നിരക്കിനേക്കാൾ കൂടുതലാണോ എന്ന് വെളിപ്പെടുത്തുമോ;

(ഇ) സംസ്ഥാനത്ത് സാമ്പത്തിക രംഗത്തെ പ്രതിസന്ധി ഒഴിവാക്കുന്നതിനും സാമ്പത്തികസ്ഥിതി മെച്ചപ്പെടുത്തുന്നതിനും വേണ്ടി എന്തെല്ലാം നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് വിശദമാക്കാമോ?

ഉത്തരം

(എ) ഇല്ല.

(ബി) മുൻ ഉത്തരത്തിന്റെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(സി) 1993-94 വർഷം അടിസ്ഥാനമാക്കി കണക്കാക്കിയിട്ടുള്ള 4 വർഷത്തെ വളർച്ചാ നിരക്കുകൾ താഴെ കൊടുക്കുന്നു.

1996-97	4.84%	
1997-98	4.95%	താല്ക്കാലിക കണക്ക്
1998-99	5.6%	താല്ക്കാലിക കണക്ക്
1999-2000	5.6%	താല്ക്കാലിക കണക്ക്

(ഡി) ദേശീയ വളർച്ചാ നിരക്കിനേക്കാൾ കുറവാണ്.

(ഇ) സാമ്പത്തിക പ്രതിസന്ധി ഇപ്പോഴില്ല. എങ്കിലും സാമ്പത്തിക സ്ഥിതി കൂടുതൽ മെച്ചപ്പെടുത്താൻ മുൻകരുതലുകൾ എടുക്കാറുണ്ട്, ചെലവുകൾ കുറയ്ക്കുന്നതിന് കാലാകാലങ്ങളിൽ വ്യയനിയന്ത്രണ ഉത്തരവുകൾ പുറപ്പെടുവിക്കാറുണ്ട്. പുതിയ തസ്തിക സൃഷ്ടിക്കൽ, വാഹനം വാങ്ങൽ, വിദേശയാത്ര മുതലായവയ്ക്ക് കർശന നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ട്. അത്യാവശ്യമെന്ന് തോന്നുന്ന പക്ഷം കൂടുതൽ നിയന്ത്രണങ്ങൾ ഏർപ്പെടുത്തി ചെലവു കുറയ്ക്കുന്നതാണ്. ഇതിനെല്ലാം ഉപരിയായി കുടിശ്ശിക ഉൾപ്പെടെ നികുതിപിരിവ് കൂടുതൽ കാര്യക്ഷമമാക്കിയിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly